# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08.09.2025**

### പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് നാളെ ; സി.പി.രാധാകൃഷ്ണൻ **NDA** സ്ഥാനാർഥി; പ്രതിപക്ഷത്ത് നിന്നും ബി.സുദർശൻ റെഡ്ഡി മത്സരിക്കും.

2. പാലക്കാട് സ്മാർട്ട് സിറ്റി നിർമാണത്തോട് അനുബന്ധിച്ചുള്ള വ്യവസായ ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും; സ്മാർട്ട്സിറ്റിയുടെ വികസനസാധ്യതകൾ ചർച്ചയാകും.

3. സംസ്ഥാനത്ത് അമിബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിലായിരുന്ന ഒരാൾ കൂടി മരിച്ചു.

4. ഓണം വാരാഘോഷത്തിന്റെ ഭാഗമായുള്ള സാംസ്കാരിക ഘോഷയാത്ര ഗവർണർ നാളെ ഫ്ളാഗ് ഓഫ് ചെയ്യും; ഓണാഘോഷത്തിന് സമാപനം കുറിച്ചുള്ള തൃശൂരിലെ പുലികളി ഇന്നുച്ചയ്ക്ക് ശേഷം.

5. ഈ വർഷത്തെ സംസ്ഥാന അധ്യാപക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു; അധ്യാപക സമൂഹത്തിന്റെ പ്രവർത്തനം തലമുറകളുടെ നവനിർമിതിയ്ക്കായെന്ന് മന്ത്രി വി. ശിവൻകുട്ടി.

&&&&&&&&&&&&&&&&&&

RNU TVPM

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

ഇന്ത്യയുടെ 17-ാമത് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് നാളെ. വോട്ടെണ്ണലും നാളെയാണ്. ഇരു സഭകളിൽ നിന്നുള്ള 788 വോട്ടർമാരുടെ ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തീരുമാനിക്കുക. മഹാരാഷ്ട്ര ഗവർണർ സി.പി.രാധാകൃഷ്ണനാണ് NDA-യുടെ ഉപരാഷ്ട്രപതി സ്ഥാനാർഥി. സുപ്രീം കോടതി മുൻ ജസ്റ്റിസ് ബി.സുദർശൻ റെഡ്ഡിയാണ് പ്രതിപക്ഷ സഖ്യത്തിന്റെ സ്ഥാനാർഥി.

&&&&&&&&&&&&&&&&&&

## ജി.എസ്.ടി- ഊർജം

ചരക്ക് സേവന നികുതി പരിഷ്കാരങ്ങൾ ഊർജ്ജ മേഖലയ്ക്ക് കരുത്ത് പകരുമെന്ന് കേന്ദ്രസർക്കാർ. പുനരുപയോഗ ഊർജ്ജ ഉപകരണങ്ങളുടെ GST 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ഇത് പദ്ധതി ചെലവ് കുറയ്ക്കുമെന്നും വീടുകൾക്കും വ്യവസായങ്ങൾക്കും ഹരിത സാങ്കേതികവിദ്യകൾ കൂടുതൽ താങ്ങാനാവുന്നതാക്കി മാറ്റുമെന്നുമാണ് വിലയിരുത്തൽ.

RNU TVPM

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - ഭൂപൻ ഹസാരിക

കവിയും ഗായകനുമായ ഭൂപൻ ഹസാരികയുടെ ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലിയർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭൂപൻ ഹസാരികയുടെ ജീവിതവും സംഗീതവും ദശലക്ഷക്കണക്കിന് ആളുകൾക്ക് പ്രചോദനമായിട്ടുണ്ടെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## പാലക്കാട് -സ്മാർട്ട് സിറ്റി (ഇൻട്രോ)

കേന്ദ്ര സർക്കാർ പദ്ധതിയായ പാലക്കാട് സ്മാർട്ട്സിറ്റിയുടെ വികസനസാധ്യതകൾ വിലയിരുത്തുന്ന വ്യവസായ ഉച്ചകോടി ഇന്ന് നടക്കും. കഞ്ചിക്കോട് ഇൻഡസ്ട്രീസ് ഫോറം സംഘടിപ്പിക്കുന്ന പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. പദ്ധതിയുടെ രൂപരേഖയും കേരളത്തിന്റെ വ്യാവസായിക വികസനവും ചർച്ചയാകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലിമുത്ത്....**

(വോയിസ്)

&&&&&&&&&&&&&&&&&&

## അമീബിക് മസ്തിഷ്ക ജ്വരം

അമിബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സയിലായിരുന്ന ഒരാൾ കൂടി മരിച്ചു. മലപ്പുറം സ്വദേശിനി ശോഭനയാണ് മരിച്ചത്. സംസ്ഥാനത്ത് അമിബിക് മസ്തിഷ്ക ജ്വരത്തെ തുടർന്ന് കഴിഞ്ഞ രണ്ടു മാസങ്ങളിൽ 5 പേരാണ് മരിച്ചത്. നിലവിൽ പത്തു പേരാണ് കോഴിക്കോട് ചികിൽസയിലുള്ളത്.

&&&&&&&&&&&&&&&&&&

## അധ്യാപക പുരസ്കാരം

ഈ വർഷത്തെ സംസ്ഥാന അധ്യാപക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. തലമുറകളുടെ നവനിർമിതിയ്ക്കായി പ്രവർത്തിക്കുന്ന അധ്യാപക സമൂഹം സർവ്വദാ സമാദരണീയരാണെന്ന് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു കൊണ്ട് മന്ത്രി വി. ശിവൻകുട്ടി

RJU TVPM

പറഞ്ഞു. ലോവർ പ്രൈമറി, അപ്പർ പ്രൈമറി, സെക്കന്ററി വിഭാഗങ്ങളിൽ 5 അദ്ധ്യാപകർക്കും, ഹയർ സെക്കന്ററി വിഭാഗത്തിൽ 4 അദ്ധ്യാപകർക്കും , വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ 3 അദ്ധ്യാപകർക്കുമാണ് പുരസ്കാരങ്ങൾ. മറ്റന്നാൾ തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&

## അധ്യാപക യോഗ്യത

അധ്യാപക യോഗ്യത പരീക്ഷയുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം, വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുന്നതിന് മുൻപ് നിയമിക്കപ്പെട്ട അധ്യാപകർക്ക് സ്ഥാനക്കയറ്റത്തിന് ടെറ്റ് യോഗ്യത നിർബന്ധമാണെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. വിധി ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നും വിഷയത്തിൽ, കേന്ദ്രസർക്കാർ നിയമനിർമ്മാണം നടത്തണമെന്നും മന്ത്രി പറഞ്ഞു. വിധിയിൽ വ്യക്തത തേടി സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ വീണ്ടും സമീപിക്കുകയോ പുന:പരിശോധന ഹർജി നൽകുകയോ ചെയ്യുമെന്നും ശ്രീ ശിവൻകുട്ടി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഈ മാസം 15 ന് തുടക്കമാകും. ഒക്ടോബർ 10 വരെ 12 ദിവസം സഭ സമ്മേളിക്കും. ആദ്യ ദിനം, അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് സഭ പിരിയും.

&&&&&&&&&&&&&&&&&&

## ഓണം ഘോഷയാത്ര (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ ഓണം വാരാഘോഷത്തിന് സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര നാളെ തലസ്ഥാന നഗരിയിൽ നടക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ളാഗ് ഓഫ് ചെയ്യും. ഓണം ഘോഷയാത്രയോടനുബന്ധിച്ച് രണ്ട് മണി മുതൽ നഗരത്തിൽ വിപുലമായ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

വിശദാംശങ്ങളിലേക്ക്....

(വോയിസ്)

&&&&&&&&&&&&&&&&&&

## ഉതൃട്ടാതി ജലോത്സവം- യോഗം

RIUTVPM

ആറന്മുള ഉതൃട്ടാതി ജലോത്സവം നാളെ. വള്ളംകളിയുടെ അവസാനഘട്ട ഒരുക്കങ്ങൾ മന്ത്രി വീണാ ജോർജ് വിലയിരുത്തും.

&&&&&&&&&&&&&&&&&&

## ഫിസിയോ തെറാപ്പി ദിനം

ഇന്ന് ലോക ഫിസിയോ തെറാപ്പി ദിനം. **ആരോഗ്യകരമായ വാർദ്ധക്യം ; ബലഹീനതയും അപകടങ്ങളും തടയുന്നതിൽ ശ്രദ്ധിക്കാം** എന്നതാണ് ഇത്തവണത്തെ പ്രമേയം. മനുഷ്യ ശരീരത്തിന്റെ ഘടനയെയും പ്രവർത്തനങ്ങളെയും ശാസ്ത്രീയമായി ആധാരമാക്കി രൂപകൽപന ചെയ്ത ചികിത്സാരീതിയാണ് ഫിസിയോ തെറാപ്പി. പ്രായമാകുന്നവരിൽ സന്തുലിതാവസ്ഥ, ചലനശേഷി എന്നിവ നിലനിർത്തുന്നതിൽ ഫിസിയോതെറാപ്പിയുടെ പങ്ക് നിർണായകമാണ്.

&&&&&&&&&&&&&&&&&&

## സാക്ഷരതാ ദിനം

ഇന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം. നീതിയുക്തവും , സമാധാനപരവും , സുസ്ഥിരവുമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിൽ സാക്ഷരതയുടെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതിനായാണ് എല്ലാ വർഷവും സെപ്റ്റംബർ 8 ന് ദിനാചരണം സംഘടിപ്പിക്കുന്നത്. "ഡിജിറ്റൽ യുഗത്തിൽ സാക്ഷരത പ്രോത്സാഹിപ്പിക്കൽ " എന്നതാണ് ഈ വർഷത്തെ പ്രമേയം. 1991ൽ സമ്പൂർണ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമായി മാറിയ കേരളം ഇന്ന് രാജ്യത്ത് സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമെന്ന നേട്ടം കൈവരിച്ച് മുന്നേറ്റം തുടരുകയാണ്.

&&&&&&&&&&&&&&&&&&

## പുലിക്കളി (ഇൻട്രോ)

ഓണാഘോഷത്തിന് സമാപനം കുറിച്ചുള്ള തൃശൂരിലെ പുലികളി ഇന്നുച്ചയ്ക്ക് ശേഷം നടക്കും. പുലിമടകളിൽ പുലിക്കളിക്കുള്ള തയ്യാറെടുപ്പുകൾ അവസാന ഘട്ടത്തിലാണ്. ഇന്നലെ മുതൽ പുലിചായങ്ങൾ ഒരുക്കൽ ആരംഭിച്ചിരുന്നു.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി **ഭരിത പ്രതാപ്.....**

(വോയിസ്)

&&&&&&&&&&&&&&&&&&

## വീണാ ജോർജ്

മനുഷ്യരിലും മൃഗങ്ങളിലും നിപ വൈറസ് ബാധ കണ്ടെത്തുന്നതിനുള്ള സ്യൂഡോവൈറസ് പരിശോധനാ സംവിധാനം വികസിപ്പിച്ച തിരുവനന്തപുരത്തെ വൈറോളജി

RNU TVPM

ഇൻസ്റ്റിറ്റ്യൂട്ടിൻറെ പ്രവർത്തനങ്ങൾ ഏറെ അഭിമാനകരമാണെന്ന് ആരോഗ്യമന്ത്രി വീണാജോർജ്ജ്. വവ്വാലുകളിൽ നിന്ന് മനുഷ്യരിലേക്ക് രോഗം സംക്രമിപ്പിക്കുന്ന മൃഗങ്ങളെ കണ്ടെത്താൻ സ്യൂഡോവൈറസ് പരിശോധന പ്രയോജനപ്പെടും. നിപ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട രോഗലക്ഷണങ്ങൾ പ്രകടമാകാത്തവരിൽ, അണുബാധ കണ്ടെത്താനും ഇതുപകരിക്കും.

&&&&&&&&&&&&&&&&&&

## കായിക മന്ത്രി -സിന്തറ്റിക് ട്രാക്ക്

മലപ്പുറം ചങ്ങരംകുളത്ത് മൂക്കുതല പി. ചിത്രൻ നമ്പൂതിരിപ്പാട് ഗവ. ഹയർസെക്കൻഡറി സ്കൂളിലെ 200 മീറ്റർ സിന്തറ്റിക് ട്രാക്കും നാച്വറൽ ടർഫും വിദ്യാർഥികൾക്കായി തുറന്നു കൊടുക്കും. ഇന്ന് വൈകിട്ട് നടക്കുന്ന ചടങ്ങിൽ കായികമന്ത്രി വി.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യും. പി.നന്ദകുമാർ എം.എൽ.എ അധ്യക്ഷനാകും.

RNUTVPM

&&&&&&&&&&&&&&&&&&

## സംസ്ഥാനം - മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ മുതൽ മഴ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ഇടുക്കി - സഞ്ചാരികളുടെ ഒഴുക്ക് (ഇൻട്രോ)

ഓണാവധി ആഘോഷിക്കാൻ ഇടുക്കിയിലെ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സഞ്ചാരികളുടെ ഒഴുക്ക്. ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെല്ലാം വലിയ തിരക്കാണ് അനുഭവപ്പെട്ടത്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ** തയ്യാറാക്കിയ റിപ്പോർട്ട്.....

(വോയിസ്)

&&&&&&&&&&&&&&&&&&

<u>ഓഹരി - സ്വർണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 328 പോയിന്റ് ഉയർന്ന് 81,052 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 108 പോയിന്റ് നേട്ടത്തിൽ 24,826 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് 79,480 രൂപയും ഗ്രാമിന് 9,935 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

RNUTVPM